I/120343/2023

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/6925/2023-TM1 തീയതി :**10-08-2023**

**സർക്കുലർ**

വിഷയം:- വിപണി ഇടപെടൽ പദ്ധതി (**2023-24**) - **2023** വർഷത്തെ ഓണവിപണികൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 25-06-2023 ലെ സർക്കാർ ഉത്തരവ് നമ്പർ. G.O.(Rt) 617/2023/അഗ്രി
2) 25-07-2023 ൽ **ബഹു. കൃഷി മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം**

2023-24 വർഷം വിപണി ഇടപെടൽ പദ്ധതി പ്രകാരം ഓണവിപണികൾ സംഘടിപ്പിക്കുന്നതിന് **കാർഷിക വികസന കർഷക ക്ഷേമ** വകുപ്പിന് 699.4 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. കൂടാതെ ഹോർട്ടികോർപ്പിന് 227.5 ലക്ഷം രൂപയും, വി.എഫ്.പി.സി.കെ ക്ക് 97.5 ലക്ഷം രൂപയും, വിപണി ഇടപെടൽ പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. സൂചന (2) പ്രകാരം 25-07-2023ൽ **ബഹു. കൃഷി മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന** പ്രകാരം 2023-24 സാമ്പത്തിക വർഷത്തിലെ ഓണക്കാലത്തും കഴിഞ്ഞ ഓണക്കാലത്ത് സംഘടിപ്പിച്ച പോലെ ഓണവിപണികൾ താഴെ പറയും പ്രകാരം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | - 1076 |
| ഹോർട്ടികോർപ്പ് | -764 |
| വി.എഫ്.പി.സി.കെ | -160 |
| ആകെ | 2000 |

പ്രസ്തുത ഓണവിപണികൾ 2023 ആഗസ്റ്റ് 25, 26, 27, 28 തീയതികളിൽ സംഘടിപ്പിക്കുന്നതിന് താഴെ പറയുന്ന മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1. കൃഷി വകുപ്പ് നേരിട്ട് സംഘടിപ്പിക്കുന്ന ഓണവിപണികൾ കൃഷിഭവനുകളിൽ ഒന്ന് എന്ന തോതിൽ നടത്തേണ്ടതാണ്. കൃഷി ഭവൻ പരിധിയിൽ "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ക്യാമ്പയിന്റെ ഭാഗമായി ഉത്പാദനം, സംസ്കരണം വിപണനം എന്നി മേഖലകളിൽ രൂപീകരിച്ച കൃഷിക്കൂട്ടങ്ങളുടെ സഹകരണത്തോടെയാണ് ഓണവിപണികൾ സംഘടിപ്പിക്കേണ്ടത്. കൃഷിക്കൂട്ടങ്ങൾ സജ്ജമല്ലാത്ത സ്ഥലങ്ങളിൽ, കൃഷി ഭവൻ തലത്തിൽ പ്രവർത്തിക്കുന്ന എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, അഗ്രോ സർവീസ് സെന്റർ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ എന്നിവയുടെ സഹകരണത്തോടെയും

ഓണവിപണി സംഘടിപ്പിക്കാവുന്നതാണ്.

2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്/ ഹോർട്ടികോർപ്/ വി.എഫ്.പി.സി.കെ എന്നിവർ സംഘടിപ്പിക്കേണ്ട ഓണവിപണികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | **വിപണികളുടെ എണ്ണം** |
|---|---|---|
| 1 | തിരുവനന്തപുരം | 89 |
| 2 | കൊല്ലം | 78 |
| 3 | പത്തനംതിട്ട | 57 |
| 4 | ആലപ്പുഴ | 78 |
| 5 | കോട്ടയം | 79 |
| 6 | ഇടുക്കി | 54 |
| 7 | എറണാകുളം | 97 |
| 8 | തൃശ്ശൂർ | 105 |
| 9 | പാലക്കാട് | 94 |
| 10 | മലപ്പുറം | 108 |
| 11 | കോഴിക്കോട് | 81 |
| 12 | വയനാട് | 26 |
| 13 | കണ്ണൂർ | 89 |
| 14 | കാസർഗോഡ് | 41 |
| | **കൃഷി വകുപ്പ് –ആകെ** | **1076** |
| 15 | ഹോർട്ടികോർപ്പ് | 764 |
| 16 | വി.എഫ്.പി.സി.കെ | 160 |
| | **ആകെ** | **2000** |

3. പൊതു ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കാൻ കഴിയുന്നതും, വ്യാപാര സൗകര്യത്തിന് ആവശ്യമായ സ്ഥല സൗകര്യമുള്ളതും, പൊതുജനങ്ങൾക്ക് പെട്ടെന്ന് എത്തിച്ചേരാൻ സാധിക്കുന്ന സ്ഥലമായിരിക്കണം തിരഞ്ഞെടുക്കേണ്ടത്. അതാത് നോഡൽ ഡെപ്യൂട്ടി ഡയറക്ടർമാർ ആയത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും, ഓഗസ്റ്റ് 22 നകം വിവരം

ഡയറക്ടേറ്റിൽ ലഭ്യമാകേണ്ടതുമാണ്.

4. ഓണവിപണിയുടെ നടത്തിപ്പിനായി വിപണി ഒന്നിന് 65000 രൂപയാണ് അനുവദിക്കുക. ആയതിൽ 50000 രൂപ മുതൽ 55000 രൂപ വരെ പഴം പച്ചക്കറി സംഭരണത്തിനും, 10000 രൂപ മുതൽ 15000 രൂപവരെ സ്റ്റാളുകളുടെ അടിസ്ഥാന സൗകര്യം കടത്തു കൂലി, കയറ്റിറക്ക് കൂലി അത്യാവശ്യ സന്ദർഭത്തിൽ തൊഴിലാളികളെ നിയോഗിക്കുന്നതിനുള്ള ചിലവ്, തുടങ്ങിയവയ്ക്കായി വിനിയോഗിക്കാവുന്നതാണ്. വിപണി സംഘടിപ്പിക്കുന്നതിന് ആവശ്യമായ തുക പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, കൃഷി ഓഫീസർ/ കൃഷി ഫീൽഡ് ഓഫീസർ എന്നിവർക്ക് നൽകുന്നതാണ്.
5. ഓരോ ജില്ലയിലും സംഘടിപ്പിക്കുന്ന ഓണവിപണികളിലേക്ക് ആവശ്യമായ പഴം പച്ചക്കറി ഉൽപ്പന്നങ്ങൾ പരമാവധി അതാത് ജില്ലകളിലെ കർഷകരിൽ നിന്ന് സംഭരിക്കേണ്ടതാണ്. കർഷകരിൽ നിന്നും ലഭിക്കാത്ത പച്ചക്കറികൾ ഹോർട്ടികോർപ്പിൽ നിന്നും വാങ്ങേണ്ടതാണ്.
6. ഓണം വിപണികൾക്കാവശ്യമായ പച്ചക്കറികളുടെ ലഭ്യത കണക്കാക്കി കർഷകരിൽ നിന്നും സംഭരിക്കുന്നതിനും, വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറും ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും കൃഷി ഭവൻ തലത്തിൽ കൃഷി കൃഷി ഓഫിസറും കൺവീനറായി തദ്ദേശ സ്വയംഭരണ അധ്യക്ഷൻമാരുടെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിക്കണം. പ്രസ്തുത കമ്മിറ്റികളിൽ, തദ്ദേശസ്വയംഭരണ വൈസ് പ്രസിഡന്റ്, വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, കൃഷിക്കൂട്ടത്തിന്റെ പ്രതിനിധി ഒരു കർഷക പ്രതിനിധി എന്നിവർ അംഗങ്ങളായിരിക്കും.
7. പഴം, പച്ചക്കറികൾ വിപണി വില നിശ്ചയിച്ച് സംഭരിക്കുന്നതിനും വിൽപ്പന വില നിശ്ചയിക്കുന്നതിനും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അധ്യക്ഷതയിൽ കൃഷി. ഡെപ്യൂട്ടി. ഡയറക്ടർ (എച്ച്), കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA), കൃഷി. അസിസ്റ്റന്റ് ഡയറക്ടർ (എം), ഹോർട്ടികോർപ്പ്, VFPCK എന്നിവയുടെ ഓരോ പ്രതിനിധികളും, ഒരു കർഷക പ്രതിനിധിയും അംഗങ്ങളായി ജില്ലാതല കമ്മറ്റി രൂപീകരിക്കണം. പ്രസ്തുത കമ്മറ്റി ഓരോ ദിവസത്തെ സംഭരണവിലയും വിൽപ്പനവിലയും നിശ്ചയിച്ച് ബന്ധപ്പെട്ടവരെയും, കൃഷി ഡയറക്ടറെയും അറിയിക്കണം. അതാത് ദിവസം ആയത് രാവിലെ 7 മണിക്ക് മുമ്പായി വെബ്സൈറ്റിൽ പ്രസിദ്ധീകരി ക്കേണ്ടതുമാണ്.
8. ഓണവിപണിയ്ക്കായി കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണിയിലെ വിലയെക്കാൾ 10 % അധികം വില നൽകി സംഭരിക്കാവുന്നതും ഓണവിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതുവിപണിയിലെ വിൽപ്പന വിലയെക്കാൾ 30% വരെ കുറഞ്ഞവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതുമാണ്.
9. GAP പച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിക്കുമ്പോൾ പൊതു വിപണിയിൽ നിന്നും കർഷകർക്ക് ലഭ്യമാകുന്ന സംഭരണവിലയേക്കാൾ 20% അധിക വില നൽകി സംഭരിക്കുകയും പൊതു

വിപണി വിൽപ്പന വിലയിൽ നിന്നും 10% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തേണ്ടതുമാണ്.

10. ഒരു ജില്ലക്കുള്ളിൽ വലിയ തോതിൽ വില വ്യത്യാസമുണ്ടാകുന്ന സാഹചര്യത്തിൽ, ബ്ലോക്ക് തലത്തിൽ അടിയന്തിരമായി വിൽപ്പന വില നിശ്ചയിച്ച് നൽകേണ്ട ചുമതല ബ്ലോക്ക് കമ്മിറ്റി നിർവഹിക്കേണ്ടതും, തുടർന്ന് ജില്ലാ കമ്മിറ്റിയുടെ സാധുകരണം വാങ്ങേണ്ടതുമാണ്. ഇതിനായി ആവശ്യമെങ്കിൽ വി.എഫ്.പി.സി.കെ യുടെ വെബ് സൈറ്റിൽ ദിനം തോറും പ്രസിദ്ധീകരിക്കുന്ന വില മാനദണ്ഡമായി എടുക്കാവുന്നതാണ് (vfpckagri@gmail.com). ഓരോ ദിവസത്തെയും വില വിവരങ്ങൾ, ലഭ്യമായ ഇനങ്ങൾ എന്നിവ വിവിധ മാധ്യമങ്ങൾ വഴിയും, ലോക്കൽ ചാനൽ വഴിയും പൊതുജനങ്ങളിൽ എത്തിക്കണം.
11. അതതു ജില്ലകളിൽ/സംസ്ഥാനത്തിനുള്ളിൽ ലഭ്യമല്ലാത്ത പച്ചക്കറി ഇനങ്ങൾ സംഭരിച്ച് വിതരണം നടത്തേണ്ട ചുമതല ഹോർ ട്ടികോർ പ്പ് നിർവഹിക്കേണ്ടതാണ്. ഹോർട്ടികോർപ്പ് വിതരണം ചെയ്യുന്ന ഇനങ്ങളുടെ വില്പന വില, പൊതു വിപണിയിലെ അതാത് ഇനങ്ങളുടെ ചില്ലറ വില്പന വിലയേക്കാൾ കുറഞ്ഞു നിൽക്കുന്ന തരത്തിൽ, ജില്ലാതല വിലനിർണയ കമ്മിറ്റി നിശ്ചയിക്കേണ്ടതാണ്.
12. ഓണം പച്ചക്കറി വിപണികളിൽ മറ്റ് വകുപ്പുകളുടെ ഏകോപനത്തിനായി അതാതു ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറായി, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, കുടുംബശ്രീ പ്രതിനിധികൾ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA), കൃഷി ഡെപ്യൂട്ടി ഡയറക്ടർ (H), കൃഷി അസിസ്റ്റൻറ് ഡയറക്ടർ (മാർക്കറ്റിംഗ്), എന്നിവരുടെ ഒരു യോഗം സംഘടിപ്പിക്കുകയും, വിപണികൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്.
13. എല്ലാ ഓണവിപണികൾക്കും ഏകീകൃത ഘടനയും രൂപവുമായിക്കും. ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസ്തുത മാതൃകയും, ബാനറും ഡിസൈൻ ചെയ്ത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, മാനേജിംഗ് ഡയറക്ടർ ഹോർട്ടികോർപ്പ്, സി.ഇ.ഒ, വി.എഫ്.പി.സി.കെ. എന്നിവർക്ക് 2023 ആഗസ്റ്റ് 21-ന് മുമ്പ് നൽകുന്നതാണ്.
14. ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ എല്ലാ വിഭാഗം ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഓണവിപണികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ പ്രിൻസിപ്പൽ കൃഷി ഓഫീസർ സ്വീകരിക്കേണ്ടതാണ്.
15. ഓണവിപണിയ്ക്കായി ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറി ഉല്പന്നങ്ങളുടെ ഇനം തിരിച്ചുള്ള അളവ് അധികമായി ഉല്പാദനമുള്ളവ, മറ്റ് ജില്ലകളിലേക്ക് ട്രാൻസ്പോർട്ട് ചെയ്യുന്നതിലേക്ക് ആയി സംഭരിക്കാവുന്നതിന്റെ അളവ്, ജില്ലയിൽ ആവശ്യമായ ഉല്പന്നത്തിന്റെ അളവ് മുതലായവ കൃഷി ഭവൻ തലത്തിൽ സ്വരൂപിച്ച് അതത് ബ്ലോക്ക്തലത്തിലും ജില്ലാതലത്തിലും ക്രോഡീകരിച്ച് അവ ലഭ്യമായ സ്ഥലവും തീയതിയും ഉൾപ്പെടെയുള്ള റിപ്പോർട്ട് 2023 ആഗസ്റ്റ്

19-ന് മുമ്പായി എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും ഹോർട്ടികോർപ്പിനെ അറിയിക്കേണ്ടതും പകർപ്പ് കൃഷി ഡയറക്ടർക്ക്നൽകേണ്ടതുമാണ്.

16. ഓരോ ജില്ലകളിലേക്കും ആവശ്യമായ പഴം-പച്ചക്കറികളുടെ വിവരം അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ജില്ലാ ഹോർട്ടികോർപ്പ് മാനേജർക്ക് നൽകേണ്ടതും, ആയതിന്റെ പകർപ്പ് കൃഷി അഡിഷണൽ ഡയറക്ടർ മാർക്കറ്റിംഗ്)-ന് സമർപ്പിക്കേണ്ടതുമാണ്. ആയതു പ്രകാരം ജില്ലകളിൽ ഹോർട്ടികോർപ്പ് വിതരണം നടത്തേണ്ട പഴം-പച്ചക്കറികൾ രാവിലെ 9.00 മണിക്ക് മുമ്പായി തന്നെ ജില്ലാ വിതരണ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.
17. ഓണവിപണികളുടെ ജില്ല/ബ്ലോക്ക്/പഞ്ചായത്ത് തല ഉദ്ഘാടനം മന്ത്രിമാർ, എം.പി മാർ, എം.എൽ.എ മാർ മറ്റ് ജനപ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിക്കേണ്ടതാണ്. വിപണികൾ ആകർഷകമായ രീതിയിൽ അലങ്കരിക്കുന്നതിനും ഒരുക്കുന്നതിനും ഗ്രാമപഞ്ചായത്ത്/ സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം തേടാവുന്നതാണ്.
18. വിപണികൾക്കാവശ്യമായ ബിൽ ബുക്കുകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ FIB പ്രിന്റ് ചെയ്ത് അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ലഭ്യമാക്കുന്നതാണ്. കൂടാതെ ഓണവിപണികൾ സംബന്ധിച്ച വാർത്തകളും, പത്ര പരസ്യവും FIB നൽകേണ്ടതാണ്.
19. കൃഷിവകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവർ നടത്തുന്ന സ്റ്റാളുകളിൽ നാടൻ പച്ചക്കറികൾ, GAP പച്ചക്കറി ഉല്പന്നങ്ങൾ, വട്ടവട, കാന്തലൂർ പച്ചക്കറികൾ, എന്നിവയ്ക്ക് പ്രത്യേകം ബോർഡുകൾ പ്രദർശിപ്പിക്കേണ്ടതാണ്.
20. യാതൊരു കാരണവശാലും ജില്ലയിൽ നിന്ന് റിപ്പോർട്ട് ചെയ്ത പഴം-പച്ചക്കറികൾ നൽകാതിരിക്കുകയോ, ആവശ്യമാണെന്ന് ജില്ലയിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഇനങ്ങൾ സ്വീകരിക്കാതിരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. അത്തരം നടപടികൾ മൂലം നഷ്ടം ഉണ്ടാവുകയാണെങ്കിൽ അതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും.
21. ഓണ വിപണികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കേണ്ടതാണ്. യാതൊരു കാരണവശാലും പ്ലാസ്റ്റിക് കിറ്റ് ഉപയോഗം പാടില്ല.
22. പഴം പച്ചക്കറി ഉൽപ്പന്നങ്ങൾ കൂടാതെ മറയൂർ ശർക്കര, മറയൂർ വെളുത്തുള്ളി, കേര വെളിച്ചെണ്ണ, തേൻ തുടങ്ങി കൃഷിവകുപ്പിന്റെ അധീനതയിലുള്ള ഫാമുകളുടെ ഉത്പന്നങ്ങളും, പൊതുമേഖല സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളും സ്റ്റാളുകൾ വഴി വിൽപ്പന നടത്തേണ്ടതാണ്.
23. ഓണവിപണിയിൽ വിൽക്കുന്ന എല്ലാ ഉല്പന്നങ്ങൾക്കും ബില്ല് നൽകേണ്ടതും ആയത് ബന്ധപ്പെട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്. PO-Sale, Billing Machine

നിലവിലുള്ള സ്റ്റാളുകൾക്ക് ആയത് ഉപയോഗിക്കാവുന്നതാണ്. ആയതിന്റെ കൃത്യമായ അക്കൗണ്ടും റിപ്പോർട്ടും സൂക്ഷിക്കേണ്ടതാണ്.

24. ഓണ വിപണികളുടെ സംസ്ഥാനതല ഉദ്ഘാടനം FIB തത്സമയം online/facebook ലൈവ് ആയി പ്രദർശിപ്പിക്കേണ്ടതാണ്. ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് തല ഉദ്ഘാടനങ്ങൾ അതാത് തദ്ദേശ സ്വയംഭരണ മാനദണ്ഡങ്ങൾക്കനുസൃതമായി വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി സംഘടിപ്പിക്കേണ്ടതാണ്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ നിയമ സഭാ സാമാജികരെ കൊണ്ട് ഉദ്ഘാടനം നിർവഹിക്കേണ്ടതാണ്.
25. ജില്ലാ തലത്തിൽ DDA (credit), അക്കൗണ്ട്സ് ഓഫീസർ എന്നിവർ അടങ്ങുന്ന മോണിറ്ററിംഗ് സെൽ പ്രവർത്തിക്കേണ്ടതും, ഈ മോണിറ്ററിംഗ് സെൽ സ്ക്വാഡ് ഉപയോഗിച്ച് ജില്ലയിൽ ഉടനീളമുള്ള ഓണവിപണിയിൽ നടക്കുന്ന സംഭരണവും വിതരണവും കൂടാതെ പൊതു വിപണിയിലെ വില നിലവാരം താരതമ്യം നടത്തുകയും ചെയ്യേണ്ടതാണ്. ജില്ലയിലെ 25% വിപണികളിലെങ്കിലും സന്ദർശനം നടത്തേണ്ടതും പ്രവർത്തനം വിലയിരുത്തി അതാത് ദിവസം സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
26. സംസ്ഥാന തലത്തിൽ സീനിയർ ഫിനാൻസ് ഓഫീസർ ഓണവിപണി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ജില്ലാ തലത്തിൽ രൂപീകരിക്കുന്ന മോണിട്ടറിംഗ് സെല്ലിൽ നിന്നുള്ള റിപ്പോർട്ടുകൾ ക്രോഡീകരിച്ച് മേലധികാരിക്ക് റിപ്പോർട്ട് ചെയേണ്ടതുമാണ്.
27. ഓണ വിപണി സംഘടിപ്പിച്ച ശേഷം വിറ്റുവരവ് 2023 സെപ്റ്റംബർ 2 8 നകം പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ TSB അക്കൗണ്ടിൽ അടക്കേണ്ടതും, പ്രത്യേക ഉത്തരവ് ഉണ്ടാകുന്നത് വരെ പ്രസ്തുത അക്കൗണ്ടിൽ തന്നെ ആയത് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം, അതാതു വിപണികളുടെ വിറ്റുവരവ് സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാതല കമ്മറ്റികൾ അംഗീകരിച്ച് കൃഷി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതുമാണ്. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും വിപണി നടത്തിപ്പ് സംബന്ധിച്ച കണക്കുകളുടെ ആഡിറ്റ് 2023 ഒക്ടോബർ 30നകം പൂർത്തിയാക്കേണ്ടതാണ്.
28. ഓരോ ജില്ലയിലും സംഘടിപ്പിക്കുന്ന ഓണ വിപണികളുടെ സുഗമമായ നടത്തിപ്പ് പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ നേതൃത്വത്തിലും അതാത് നോഡൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേൽനോട്ടത്തിലും പരിശോധിച്ച് വിലയിരുത്തേണ്ടതാണ്.
29. ഓണ വിപണികളിലെ അതാത് ദിവസത്തെ സംഭരണ വിതരണ റിപ്പോർട്ട് (മാതൃക ചുവടെ ചേർക്കുന്നു) എല്ലാ ദിവസവും വൈകുന്നേരം 6 മണിക്ക് മുൻപായി directorofmarketingagri@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

ജില്ല:- തീയതി:-

| | | | | | |
|---|---|---|---|---|---|

I/120343/2023

| നമ്പർ | സംഭരണ രീതി | സംഭരിച്ചത് (കിലോ) | തുക (രൂപ) | വിറ്റത് (കിലോ) | തുക (രൂപ) |
|---|---|---|---|---|---|
| 1 | ഹോർട്ടികോർപ്പ് മുഖേന | | | | |
| 2 | കർഷകരിൽ നിന്ന് | | | | |

31. ഓരോ ജില്ലയിലും നടത്താൻ ലക്ഷ്യമിട്ടുള്ള വിപണികൾ (എണ്ണം) നിർബന്ധമായും നടത്തേണ്ടതാണ്. എല്ലാ ജില്ലകളിലും നിന്നും വിപണിയുടെ എണ്ണം, ഓണവിപണികൾക്കാവശ്യമായ പച്ചക്കറികളുടെ സംഭരണം, അളവ്, മറ്റ് ജില്ലകളിൽ നിന്നും സംഭരിക്കാൻ ഉദ്ദേശിക്കുന്ന പച്ചക്കറികളുടെ അളവ് എന്നിവ സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും ഓണ വിപണി നടത്തിപ്പിന് ശേഷം ക്രോഡീകരിച്ച വിവരണങ്ങൾ കൃഷി ഡയറക്ടർക്ക് നൽകേണ്ടതുമാണ്.

GEORGE SEBASTIAN

**കൃഷി ഡയറക്ടർ i/c**

ടു:

1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2) മാനേജിങ് ഡയറക്ടർ, ഹോർട്ടികോർപ്പ്
3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വി.എഫ്.പി.സി.കെ.
4) പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, FIB

പകർപ്പ്:

1) സീനിയർ ഫിനാൻസ് ഓഫീസർ, കൃഷി ഡയറക്ടറേറ്റ്
2) എല്ലാ കൃഷി അഡിഷണൽ ഡയറക്ടർമാർക്കും
3) എല്ലാ കൃഷി ജോയിന്റ് ഡയറക്ടർമാർക്കും
4) കൃഷി ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റ്